(ബി) സർക്കാർ അഭിഭാഷകർ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു.

(സി) സർക്കാർ അഭിഭാഷകരെ നിയമിക്കുമ്പോൾ അവരുടെ യോഗ്യതയും പ്രാവീണ്യവും പരിശോധിക്കുന്നുണ്ട്. ഹൈക്കോടതിയിൽ നിയമിക്കപ്പെടുവാൻ യോഗ്യതയും പ്രാവീണ്യവും സമ്മതവും ഉള്ള അഭിഭാഷകരുടെ പാനൽ അഡ്വക്കേറ്റ് ജനറൽ സൂക്ഷ്മ പരിശോധന നടത്തി തയ്യാറാക്കിയാണ് അയച്ചു തരുന്നത്. പ്രസ്തുത പാനലിൽ നിന്നുമാത്രമാണ് സർക്കാർ നിയമനം നടത്തുന്നത്. കൂടാതെ ഓരോ വർഷവും സർക്കാർ അഭിഭാഷകരുടെ പ്രവർത്തനം അവലോകനം ചെയ്യുന്ന നടപടിയും സർക്കാർ പുതുതായി ആരംഭിച്ചിട്ടുണ്ട്.

ആക്കുളം സാറ്റലൈറ്റ് ടൗൺഷിപ്പിന്റെ നിർമ്മാണം

25 (622) ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ആക്കുളം സാറ്റലൈറ്റ് ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമായി എന്തു തുക വേണ്ടി വരും എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി ഏതു വർഷം പൂർത്തിയാക്കാനാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ടൗൺഷിപ്പ് പൂർത്തിയാക്കുമ്പോൾ ഗവൺമെന്റിനും ജനങ്ങൾക്കും എന്തെല്ലാം പ്രയോജനം ലഭിക്കുമെന്നറിയിക്കാമോ ;

(ഡി) പ്രധാന ടൂറിസ്റ്റ് സങ്കേതത്തിനോട് തൊട്ടടുത്ത് കിടക്കുന്ന ആക്കുളത്തിന് ടൂറിസം വികസന പദ്ധതികളുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ഹൗസിംഗ് ബോർഡ് നിയന്ത്രണത്തിൽ ആരംഭിക്കുന്നത് പരിശോധിക്കുമോ ?

ഉത്തരം

(എ) ആക്കുളം സാറ്റലൈറ്റ് ടൗൺഷിപ്പിന്റെ ഒന്നും രണ്ടും ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമായി ഏകദേശം 13 കോടി രൂപ വേണ്ടി വരും എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഒന്നും, രണ്ടും ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തിയായ ശേഷമേ അവസാനഘട്ടമായ മൂന്നാം ഘട്ടം പദ്ധതി ആസൂത്രണം ചെയ്യുകയുള്ളൂ.

(ബി) ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും പ്ലോട്ടുകളുടെ വികസന പ്രവർത്തനങ്ങൾ 2002-2004 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ മാറ്റി വച്ചിരിക്കുന്ന ഭൂമിയിൽ മൂന്നാം ഘട്ടമായി താമസ സൗകര്യത്തിനുള്ള കെട്ടിടങ്ങളും കമ്മേഴ്സ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങളും മറ്റും നിർമ്മിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് രണ്ടു കൊല്ലത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആക്കുളം ടൗൺഷിപ്പ് പദ്ധതിയിലെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ പൊതുജനങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള 120 പ്ലോട്ടുകൾ ലഭിക്കുന്നതാണ്. മൂന്നാം ഘട്ടം പൂർത്തിയാകുമ്പോൾ പൊതുജനങ്ങൾക്ക് താമസത്തിനുള്ള കെട്ടിടങ്ങളും അവർക്ക് വേണ്ടുന്ന വാണിജ്യ-വ്യാപാര സമുച്ചയങ്ങളും, മറ്റു സൗകര്യങ്ങളും ലഭിക്കുന്നതാണ്. പ്രകൃതി രമണീയമായ പ്രസ്തുത സ്ഥലത്തുള്ള പദ്ധതിയിൽ ആവശ്യമായ തുറസ്സായ സ്ഥലം ഉണ്ടായിരിക്കുന്നതാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട്, നഗരപ്രാന്തത്തിൽ തിരക്ക് കുറഞ്ഞ സ്ഥലത്ത്, വീടില്ലാത്ത പൊതുജനങ്ങൾക്ക് വീട് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. ഈ പദ്ധതി നിലവിൽ വന്നാൽ പ്രസ്തുത പ്രദേശത്തിന് മറ്റു വികസന സൗകര്യങ്ങളും ലഭ്യമാവുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

ഹാബിറ്റാറ്റ് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

26 (623) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഹാബിറ്റാറ്റ് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ ആണെന്നറിയിക്കാമോ ;

(ബി) ഹാബിറ്റാറ്റ് സെന്റർ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരോ, ഹൗസിംഗ് ഏജൻസികളോ ധനസഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ;

(സി) തിരുവനന്തപുരം നഗരത്തിൽ ഹാബിറ്റാറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ് ;

(ഡി) ഹാബിറ്റാറ്റ് സെന്ററിന് ഭൂമി ലഭ്യമാക്കുന്നതിൽ മനഃപൂർവ്വം കാലവിളംബം വരുത്തുന്നതായ ആരോപണം പരിശോധനാ വിധേയമാക്കുമോ ;

(ഇ) ഹാബിറ്റാറ്റ് സെന്റർ നിർമ്മാണ പ്രവർത്തനങ്ങൾ വേഗതയിൽ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്ത് കവടിയാറിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഹാബിറ്റാറ്റ് സെന്റർ മുഖാന്തിരം കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വദേശത്തേയും വിദേശത്തേയും ഏജൻസികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഇവിടെ നിന്ന് പൊതുജനങ്ങൾക്കാവശ്യമായ സാങ്കേതിക സാമ്പത്തിക വിവരങ്ങൾ ലഭ്യമാക്കുന്നതിനും പ്രധാനമായും ഉദ്ദേശിക്കുന്നു. കൂടാതെ ഇനിപ്പറയുന്ന സൗകര്യങ്ങൾ നൽകുന്നതിനും ലക്ഷ്യമിടുന്നു.

1. കെട്ടിട നിർമ്മാണവും മറ്റുമായി ബന്ധപ്പെട്ട വിപുലമായ ലൈബ്രറി.

LIBRARY ARCHIVES Kerala Legislative Assembly